# SUPRABHATHAM - 01-09-2024




ഐ.സി.എ ആർ സിഫ്റ്റിലെ ശാസ്ത്രജ്ഞർ കർഷകരുമായി സംസാരിക്കുന്നു

# സിഫ്‌ട് ഒക്കൽ ഫാം ഫെസ്റ്റിൽ കർഷക സംഗമം സംഘടിപ്പിച്ചു

**കൊച്ചി ▸** ഒക്കൽ സ്വച്ഛതാ ആക്ഷൻ പ്ലാനിന്റെ കീഴിലായി കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റും സ്റ്റേറ്റ് സീഡ് ഫാമും ചേർന്ന് കർഷക സംഗമം ഇന്ന് ഒക്കൽ ഫാം ഫെസ്റ്റിൽ സംഘടിപ്പിച്ചു. കൃഷിയിലെ സുസ്ഥിരമായ രീതികളും നൂതനമായ ആശയങ്ങളും ചർച്ച ചെയ്യാൻ കർഷകരെയും ശാസ്ത്രജ്ഞരെയും കാർഷിക വിദഗ്ദരേയും ഒരുമിച്ച് കൊണ്ടുവരുക എന്നതാണ് സംഗമത്തിന്റെ ലക്ഷ്യം.

കർഷകസംഗമത്തിന്റെ ഉദ്ഘാടനം കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ തോമസ് സാമുവൽ നിർവഹിച്ചു. മത്സ്യ മേഖലയിൽ സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനുള്ള സിഫ്റ്റിന്റെ നിരന്തരമായ ശ്രമങ്ങളെ കുറിച്ചും സ്വച്ഛതാ ആക്ഷൻ പ്ലാനിന്(എസ്.എ.പി) കീഴിലുള്ള സിഫ്റ്റിലെ സംരംഭങ്ങളെ കുറിച്ചും സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും എസ്.എ.പി നോഡൽ ഓഫീസറുമായ ഡോ. ഗീതാലക്ഷ്മി വി സംസാരിച്ചു. മത്സ്യമാർക്കറ്റിലെ മാലിന്യം കാർഷിക ഉൽപന്നങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള ഉൽപ്പാദന പ്രക്രിയയുടെ വിശദാംശങ്ങൾ സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. ബിൻസി പി.കെ, ഡോ. മുത്തുലക്ഷ്മി ടി, എന്നിവർ അവതരിപ്പിച്ചു. കുറുപ്പംപടിയിലെ പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം മേധാവി ഡോ. ലീന പോൾ, റിട്ടയേർഡ് കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജോണി ജോസ് എന്നിവരും സംഗമത്തിൽ സെഷനുകൾ എടുത്തു. സെഷന് ശേഷം സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സൈനുദ്ധീൻ എ.എയും മറ്റ് ശാസ്ത്രജ്ഞരും കർഷകരുമായി ചർച്ച നടത്തുകയും സംശയങ്ങൾക്ക് ഉത്തരം നൽകുകയും സിഫ്റ്റിലെ സാങ്കേതികവിദ്യകളെ കുറിച്ച് കർഷകർക്ക് വിദഗ്ധ മാർഗനിർദേശവും നൽകി. കൃഷി വകുപ്പ് സീനിയർ അഗ്രികൾച്ചർ ഓഫീസർ ഫിലിപ്പ് ജി, ഡെപ്യൂട്ടി ഡയറക്ടർ ഇന്ദു പി നായർ, സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. ഇളവരശൻ കെ, ഡോ. ജയകുമാരി എ എന്നിവർ പരിപാടിയിൽ സംസാരിച്ചു. ഒക്കൽ ഫാം ഫെസ്റ്റ് 2024 ന്റെ ഭാഗമായി, മത്സ്യസംസ്കരണ വ്യവസായത്തിലെ സാങ്കേതിക പുരോഗതി കാണിക്കുന്ന ഒരു പ്രദർശനവും സിഫ്ട് ഫെസ്റ്റിൽ ഒരുക്കിയിട്ടുണ്ട്.